**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1236** **18-09-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലെ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) | പൂഞ്ഞാർ ഐ. എച്ച്. ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുവാൻ കായികയുവജന കാര്യാലയത്തിൽ നിന്നും സ്പോർട്സ് കേരള ഫൗണ്ടേഷന് നിർദ്ദേശം നൽകുകയും ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം പരിശോധിക്കുകയും നിർദ്ദിഷ്ട സ്ഥലത്ത് ബാറ്റ്മിന്റൺ കോർട്ട്, ബാസ്കറ്റ്ബോൾ കോർട്ട് ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുവാനുള്ള സാധ്യത വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 36.4 x 30.6 x 12.7 മീറ്റർ അളവിലുള്ള ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഡി പി ആർ തയ്യാറാക്കിവരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ